# സോവിയററിന്റെ മകൾ

പൊൻകുന്നം ദാമോദരൻ

571
G
894.8121
PON

98
571
15493

# സോവിയററിൻെറ മക്കൾ

ഗ്രന്ഥകാരൻ:

പൊൻകുന്നം ദാമോദരൻ

പ്രസാധകന്മാർ:

മംഗളോദയം ലിമിററഡ്,

തൃശ്ശിവപേരൂർ.

First Edition in Mithunam, 1120
[Copies—1000]

*All rights reserved by the Publishers*

Price:—
Annas Eihgt

Printed at
The Arunodayam Press,
Wadakanchery,

## പ്രസ്താവന

ലോകം ആകപ്പാടെ ഉററുനോക്കുന്നൊരു ത്യാഗഭൂമിയുണ്ട്—സോവിയററു റഷ്യ!

സ്വരാജ്യത്തിന്നുവേണ്ടി സ്വജീവിതത്തെ ബലികഴിക്കുന്ന പാരമ്പര്യത്തിന്നൊരു നാട്ടുണ്ട്—സോവിയററു നാട്!

അവിടെ ആരേയും പുളകം കൊള്ളിക്കുന്നൊരു വീരനാമമുണ്ട്—ടാനിയാ!

മാതൃഭൂമിക്കുവേണ്ടി കൊലമരം വരിച്ച ആ വീരവിദ്യാൎത്ഥിനിയുടെ ശവകുടീരം, സഹോദരസ്നേഹത്തിൻെറ സ്പന്ദനം നിലയ്ക്കാത്തൊരു ഹൃദയത്തെ ഉള്ളടക്കുന്ന ത്യാഗത്തിൻെറ സ്മാരകമത്രേ!

കാളമേഘത്തിൽ മിന്നൽ പിണർപോലെ വെട്ടിത്തിളങ്ങുന്ന ഈ വാസ്തവം ഇന്നു ജീവിക്കുന്ന മനുഷ്യനു പുത്തിരിയല്ല. ടാനിയായുടെ വീരമരണം പത്രങ്ങളിൽ റിപ്പോൎട്ടായിട്ടും പുസ്തകങ്ങളിൽ വിസ്തരിച്ചും വായിക്കാൻ കഴിഞ്ഞ എനിക്കു എന്തെന്നില്ലാത്തൊരു ഹൃദയവേദനയാണനുഭവമായത്. വാസ്തവം പറയട്ടെ, ടാനിയാ ഒരു ചെറു കവിതയായി—വിജയമാകട്ടെ, പരാജയമാകട്ടെ—എഴുതാതെ ഒരു സുഖവുമില്ലെന്നായിത്തീൎന്നു. ഞാൻ അതിനു മുതിൎന്നതാണീ 'സോവിയററിൻെറ മകൾ.'

ടാനിയായുടെ ജീവിതവും പ്രവൎത്തിരംഗങ്ങളും എന്തിനു, വാക്കുകൾപോലും, ഒന്നുംവിടാതെ റിപ്പോൎട്ടുകളുള്ള സ്ഥിതിക്ക് അതൊക്കെത്തകിടം മറിച്ചുകൊണ്ട് സ്വ

ന്തമായി ഒന്നും കൂട്ടിച്ചേർക്കാൻ ഞാൻ ആശിച്ചിട്ടില്ല. ഇതിൻെറ നിമ്മിതിയിൽ സോവിയററുനാട്; മദർ റഷ്യ, ഇംഗ്ലീഷിലും മലയാളത്തിലും വന്നിട്ടുള്ള 'ടാനിയാ' എന്നീ പുസ്തകങ്ങളോടും, പല മാന്യസുഹൃത്തുക്കളോടും ഞാൻ കൃതജ്ഞനാണ്.

സഹൃദയദൃഷ്ടിയിൽ എൻെറ പ്രയത്നം ഫലിച്ചാലും ഇല്ലെങ്കിലും ടാനിയായുടെ സ്മരണയിൻപേരിൽ സമാധാനത്തിൻെറ ദീഗ്ഘനിശ്വാസമാണെനിയ്ക്കിതിൽ ഉണ്ടാകുന്നത്.

ഗ്രന്ഥകാരൻ.

——o——

# സോവിയററിൻെറ മകൾ

## I

ആ മഞ്ഞിനിൽക്കും പ്രഭാതവെളിച്ചത്തി-
ലോമനപ്പുത്രിയെക്കണ്ടാളമ്മ.
സ്നേഹബഹുമാനപൂർവ്വകംതന്നുടെ
ജീവിതം നിർമ്മിച്ച പുസ്തകങ്ങൾ—
വിജ്ഞാനരത്നങ്ങൾ—തന്നലമാരിയിൽ
ഭദ്രമടുക്കിയടുക്കിവെച്ചു.
ആമുഖമേററവും ശാന്തം,മച്ചുണ്ടുക-
ളാദൃഢചിന്തയമർത്തിരുന്നു.
'പോകുവാൻതന്നെയുറച്ചിരിക്കുന്നെൻെറ
സോയ, ഞാനിന്നിത്തടുകയില്ല.'
അമ്മ, മകളെപ്പുറം തലോടിട്ടതാ
സമ്മതിയ്ക്കാത്ത താൻ സമ്മതിച്ചു.
'സോയ! നിൻപട്ടാളസ്സഞ്ചികാറോളവും
ഞാനെടുക്കാ' മെന്നിടറിച്ചൊന്നാൾ.

ഉഗ്രാന്ധകാരം വന്നാക്രമിച്ചുള്ളൊര-
ച്ചക്രവാളം കാൺക, വെള്ളവീശി.
കൊച്ചുകിളികളൊരായിരമൊന്നിച്ചു
ചുററിച്ചിലച്ചു പറന്നുപൊങ്ങി.
അംബരം മുട്ടുന്ന വെൺമണിമേടക-
ളങ്ങങ്ങു മെല്ലെത്തെളിഞ്ഞുവന്നു.
മൂടൽത്തെളിമഞ്ഞുകൊണ്ടുപുതപ്പിട്ട
രാജമാർഗ്ഗങ്ങളുണന്നുവന്നു.

ആരംഭഗംഭീരമായൊരു പൊന്നുഷ-
സ്സാസന്നകാന്തിയിൽക്കണ്ടെന്നാലും
മൂടുന്നു പൊന്നിൻപുലരിയേ നിർദ്ദയം
കാളിമ പാടേ പരന്നുകേറി

കൈവെള്ളയിൽത്താൻ വളർത്ത തൻകുട്ടിയേ
മെയ്യോടു ചേർത്തമ്മ വീർപ്പടക്കി.
ഓമനബാലതന്നായിരമായിര-
മാനന്ദലീലകറം കണ്ണിൽക്കണ്ടോറം.
വെള്ളപ്പളുങ്കൊളിക്കണ്ണുനീർത്തുള്ളികറം
മിന്നിത്തെളിഞ്ഞു മുതിർന്നു വീണും
നീരാവികേറി നിറംമങ്ങിനിൽക്കുന്ന
പാരിനേ നോക്കി മരച്ചുനിന്നാറം.
"മങ്ങരുതിമ്മുഖം, മാതാവെ കൊള്ളാമി-
ക്കണ്ണുനീരമ്മയ്ക്കു ചേർന്നതല്ല,
കണ്ണീരിലല്ലെന്നെ യാത്രയാക്കേണ്ടതു-
മൊന്നുചിരിക്കണമെന്നെനോക്കി."
പുത്രിതൻചങ്കുറപ്പോരോന്നും മേൽക്കുമേൽ
ശക്തികൊടുക്കുന്നതെങ്കിലും താൻ,
പെററ മാതാവിന്നു നിൽക്കുവാൻ പോലുമേ-
കെൽപ്പു കുറഞ്ഞു കുറഞ്ഞുവന്നു.
ഓരോകാൽ വെപ്പിലു മൂഴികുലുക്കുന്നൊ-
രോജസ്സും തേജസ്സുമോളംവെട്ടി
ദേശാഭിമാനിനിയക്കൊച്ചുസിംററിയാറം
മാതാവിൻമുന്നിൽ നടന്നുമെല്ലെ.
കൊച്ചുമകളുടെ പട്ടാടയുറംക്കൊണ്ടു

പട്ടാളസ്സഞ്ചിയും കൈയ്യിലേന്തി
ആകെയടിമുടി നോക്കിബ്ബഹുമാന-
ഭാവത്തിലമ്പരന്നമ്മപിമ്പെ.
ഒന്നു കിലുകിലെപ്പുഞ്ചിരിക്കൊണ്ടുടൻ
പിന്നോട്ടു നോക്കിപ്പറഞ്ഞുപുത്രി.
"കണ്ണീരടക്കണമിന്നിയെന്നമ്മയി-
പെണ്ണിൻെറ പെററമ്മയായിരിക്കു!"
എല്ലാം മറന്നതിലമ്മ ചിരിച്ചുപോ-
യെന്തൊരു മോഹന ധീരരംഗം!

വന്നു തലോടിതുടുത്ത ഗണ്ഡങ്ങളിൽ
സിന്ദൂരരശ്മി കിഴക്കുനിന്നും;
നീലക്കുറുനിര,—ചീകിയൊതുങ്ങാത്ത
ഫാലാലങ്കാരം,—പറന്നുപാറി,
തിങ്ങിയിരുണ്ടു മിനുങ്ങും തലമുടി
തുള്ളിക്കുലുങ്ങിച്ചുമലിൽത്തത്തി.
നന്നെക്കറുത്തു തഴച്ച പുരികങ്ങ-
ളൊന്നുവളഞ്ഞൊളി പൂണ്ടുനിന്നു.
താരുണ്യലക്ഷ്മി തെളിഞ്ഞുതുടങ്ങിയ
വ്യായാമപുഷ്ടമാം മേനിപററി
മുട്ടോളം മൂടുന്ന പട്ടുപാവാടയി-
ട്ടുത്സാഹപ്പുഞ്ചിരി തൂകിത്തൂകി
പട്ടാളസ്സഞ്ചിയും വാങ്ങി കൃതാർത്ഥയാ-
യുററവീടൊന്നു തിരിഞ്ഞുനോക്കി
വീരവിദ്യാർത്ഥിനി തെല്ലിടയങ്ങനെ
കാറിൻവലംവശം ചേർന്നുനിന്നു.

നാഡിയിലോട്ടുന്നു കാണാം, മവൾക്കരുത
സോവിയററിൻെറയാ വീരരക്തം,
മാതൃഭൂഭക്തിയൊ, മാതൃസ്മരണയൊ
ജീവിതാദശ്മൊ മറെറന്തോന്നോ
ആനെഞ്ഞിടിപ്പിലുമക്കടക്കണ്ണിലും
വാർമഴവില്ലൊളിപോലെകണ്ടു.
"നാടിൻെറ സങ്കടം മാടിവിളിയ്ക്കുന്നു
വീരമാതാവേ, വിടതരേണം,
വീരത്വം നേടി മടങ്ങുംഞാൻ, അല്ലെങ്കിൽ
വീരോചിതമായ് മരിച്ചുകൊള്ളാം!"
പിന്നെനിന്നില്ലവൾ, കാറിൽക്കടന്നൊന്നു
മുന്നാക്കം ദൃഷ്ടികൾ ദൂരെവിട്ടു.
'ചുക്കാൻവലയ'മിടത്തുകൈയാലൊന്നു
ചുററിച്ചു ചാരിയുറച്ചിരുന്നു.
വണ്ടിയിരമ്പിയിളകിക്കഴിയുന്നു
ഗംഭീരമായ കിനാവുപോലെ.
ഓടിച്ചുപോകുന്നു, പോകുന്നു പൊന്മകൾ
മാതാവിളകാതെ നോക്കിനിന്നു.
കാളമേഘത്തിൽ പറന്നുമാഞ്ഞീടുമൊ-
രോമനവെള്ളിപ്പറവയോ നീ?

II

അന്തിയായ് മെല്ലെ മെല്ലെ നീണ്ടരാത്രിയുമായി,
തെല്ലുകണ്ണടയ്ക്കാതപ്പെററമ്മ പിടയുന്നു.
മൂടൽമഞ്ഞെത്തങ്ങുംവീണു മൂടിയ നിലാവിൽക്കൂ-
ടരുണ്ടുകൂടെപ്പോരാനക്കാണും ചെറുവീട്ടിൽ?

പട്ടാളമങ്ങെങ്ങെല്ലാം പതുങ്ങിയിരുപ്പുണ്ടാം
കുററിക്കാടിൻെറ നിഴൽക്കൂടിയും പേടിയ്ക്കേണം.
രാപ്പകലില്ലാതെങ്ങു മിരുണ്ടുപുകയുന്നു
കൂട്ടമേകൊലവിളികൊണ്ടെങ്ങും കലുങ്ങുന്നു.
അടഞ്ഞൂ പള്ളിക്കൂടം, മുടങ്ങീ കമ്പോളങ്ങൾ,
തടഞ്ഞൂ സഞ്ചാരങ്ങൾ, നടുങ്ങീ നാടെല്ലാവും.
മോസ്കാവിൽതന്നേ വന്നു തീക്കുടുക്കകൾ വീണു,
നേക്കുന്നു നേക്കുന്നെങ്ങും ചുകപ്പുപെരുമ്പട.
ജീവിതത്തിന്നു വന്നു മരണം മൂടിവച്ചാൽ
മാതൃഭൂമിക്കായതു ധീരമായ്ത്താങ്ങാൻതന്നെ.
ആബാലവൃദ്ധമാണും പെണ്ണുമേ തയ്യാറായ
സോദരസംബന്ധമേ! സദയം നമസ്കാരം!

കോളുകൊണ്ടിരമ്പുന്ന ചിന്തയിൽ താണുതാണാ
മാതൃവാത്സല്യം വീപ്പുമുട്ടുന്നു ദയനീയം.
പണ്ടിവരകന്നുള്ളൊരുൾനാട്ടിൽക്കഴിഞ്ഞോരമ-
ണന്നുതൊട്ടോരോന്നോരോന്നോളമായിളകുന്നു.
"ഇരുന്നിട്ടെണ്ണീററപോലെന്തിന്നു വളൎന്നു നീ
കരുന്നേ ഞെട്ടുന്നമ്മ പീരങ്കിമുഴക്കത്തിൽ.
രാജ്യത്തിന്നാവാംനിന്നെ പെററതും വളത്തതും
യോഗ്യമാമഭിലാഷമെങ്ങിനെ തടയേണ്ടൂ?
എൻെറ സോയയെപ്പെററ ശാന്തമാം ശരൽക്കാലം
പൊൻപൂത്തും ദിവസമേ, നിന്നെഞാൻ സ്മരിയ്ക്കുന്നു.
ആണുങ്ങൾക്കിടയ്ക്കൊരേ പെൺകുഞ്ഞേകാണുന്നു (ഞാൻ
കണ്മണിയുടെബാല്യം കണ്ണുനീർത്തിളക്കത്തിൽ
കുട്ടിക്കാലമേതൊട്ടെൻ കുട്ടിയ്ക്കുകലുങ്ങാത്ത

സിദ്ധാന്തമോരോന്നോരോന്നാത്തോളം കുളിരുന്നു.
അന്നവ താലോലിച്ചു മാനിച്ചുവളർത്തിയ
നിന്നുടെ പിതാവിന്നു കാണുവാനുണ്ടോനിന്നോ?
ഉണ്ടാവാം, നക്ഷത്രങ്ങൾ ചിലപ്പോഴദ്ദേഹത്തിൻ
കണ്ണുകളാണെന്നെന്നോടാരോവന്നറിയിപ്പൂ.
തൂമഞ്ഞുപൊഴിയുന്ന നാട്ടിലിന്നങ്ങിങ്ങോളം
തീമഴയല്ലേപെയ്‌വൂ, തടഞ്ഞാൽ നിൽക്കില്ലവർ.
കിഴക്കാംതൂക്കായ്‌വീണു കുത്തിപ്പാഞ്ഞൊഴുകുമ-
പ്പുഴയ്ക്കൽപൊൻകുഞ്ഞേ നീ നില്ക്കാറുള്ളകാലങ്ങൾ
ഇന്നുചെന്നിടപെടാൻ പോകുന്നരംഗത്തിനാ-
യന്നേനീയനുഷ്ഠിച്ച നാന്ദിതൻകാലങ്ങളോ?
മുള്ളുകൾവള്ളിക്കെട്ടുമിരുട്ടുംനിറഞ്ഞതാ-
യങ്ങങ്ങുമൂങ്ങാക്കൂട്ടമപ്പപ്പോൾമൂളുന്നതായ്
പരന്നുപന്തലിച്ചുമാമരം തിങ്ങിക്കണ്ടു
പെരുങ്കാടന്നേനിനക്കിഷ്ടമായിരുന്നയ്യോ!
ഇന്നുംഞാനോർക്കുന്നുണ്ടോരേഴകർഷകരുടെ
വിങ്ങിവീർത്തുള്ളശവം ജില്ലയിൽക്കൊണ്ടന്നതും
ധീരമായ്മരിച്ചോരാവീരരെ ഗ്രാമീണന്മാർ
മാലയിട്ടലങ്കരിച്ചണിയായെടുത്തതും.
ബാൻറുമേളത്തിൻപിമ്പേ ചുവപ്പുപട്ടാൽമൂടി
ശാന്തമശ്ശവപ്പെട്ടിമുറയ്ക്കു നയിച്ചതും
കുഞ്ഞാണെങ്കിലുമെൻെറ സോയയുമതുകണ്ടു
കണ്ണുനീർകവിളിൽക്കൂടൊഴുക്കിനിൽക്കുന്നതും.
ഇന്നുംഞാൻ കാണുന്നതാദേശഭക്തയാമെൻെറ
കുഞ്ഞിൻെറ ദയനീയ നിർന്നിമേഷമാംനോട്ടം”
പുകഞ്ഞുപുകഞ്ഞുള്ളിമ്മാനസംതേങ്ങുകമോ

കുളിൎന്നുവീശുന്നുണ്ടു യാമിനീജഗൽപ്രാണൻ.
നേരിയ നിദ്രവന്നാനെററിയിൽസ്സ്പൎശിയ്ക്കയായ്,
താതൻെറ കൈപിടിച്ചു തന്മകളതാനിൽപ്പൂ.
പള്ളിക്കൂടം വിട്ടോടിയോമനതിട്ടുക്കത്തിൽ
വന്നുപുസ്തകംവച്ചുകൈക്കകളിൽപിടികൂടി
കൊഞ്ചിയുമിടയ്ക്കിടെക്കെഞ്ചിയും പിതാവിന്നു
പുഞ്ചിരിയുണ്ടാക്കുമാറോരോന്നുംപ്രസംഗിപ്പൂ.
രണ്ടുകൊല്ലത്തിൻമുമ്പേ മരിച്ച ഭൎത്താവിന്നെ
ക്കൺമുമ്പിൽക്കണ്ടാളമ്മ, സങ്കടംകരഞ്ഞോതി.
"നീതന്നെ തടയണം, ഞാനില്ല"—വെളിവായി
പ്രാണേശൻ പറയുന്നു—കേട്ടവളുണൎന്നുപോയ്.
അക്കാഴ്ചമാഞ്ഞിട്ടില്ല, രോമാഞ്ചമടങ്ങില–
യിപ്പോഴുമക്കണ്ണീരിൻ ചാലുകളുണങ്ങില. (ൻെറ
രാത്രിഃയാ രണ്ടാംയാമം,ജാഗ്രത്തിൽസ്വപ്നത്തി
നേൎത്തധൂമികവീണു മറെറല്ലാംമറന്നുപോയ്.
"പത്തുമാസവുംതാങ്ങിപ്പെററവളല്ലേ, എൻെറ
കുട്ടീഞാനൊരിയ്ക്കൽക്കൂടോമനേതടയുന്നു"
സോയതൻമുറിയ്ക്കുള്ളിൽ പ്രത്യാശാപുരസ്സരം
മാതാവുതട്ടിത്തടഞ്ഞെത്തിനാൾ പകലിൽപ്പോൽ.
ഒച്ചയില്ലനക്കമില്ലേകാന്തശാന്തംമുറി
കൊച്ചുസോയയില്ലെങ്ങും"കുഞ്ഞേനീയെവിടയ്യോ!"
പുസ്തകംവായിക്കുവാൻപുത്രിയെസ്സഹായിച്ച
കൊച്ചുദീപമുണ്ടതാമങ്ങിമങ്ങിത്താൻ നിൽപ്പൂ.
ചുമരിൽക്കുമാരിതൻ കൈകളാൽ പ്രതിഷ്ഠിച്ച
പലമാതിരിചിത്രമാവെളിച്ചത്തിൽകാണാം.
അലമാരിയിലെല്ലാമടക്കിബ്ബ് ഭദ്രംവെച്ച

പഠനഗ്രന്ഥങ്ങളുമന്നങ്ങാത്തുറങ്ങുന്നു. (ഠം
പുത്രിതൻമെത്തച്ചരുളൊന്നുനോക്കിനാഠം, വീണാ
അസ്തബോധയായ് വാവിട്ടങ്ങനെമുറയിട്ടാഠം.
"വീരമാതാവെപ്പോലെപോയുറങ്ങണമമ്മ
സോവിയററിനുവേണ്ടിസ്സ്വയയേമറക്കുക" (യ്
അന്തരീക്ഷത്തിൽപ്പാടേ മാറെറാലിക്കൊള്ളുന്നതാ
പൊന്മകളുടെശ്ശബ്ദമങ്ങനെ കേഠംക്കായ്വന്നു.
"ഞാനൊരു വിദ്യാൎത്ഥിനി, പിന്നെയെന്താലോ–
(ചിപ്പാൻ
മാതൃഭൂദേവിയുടെ മമ്മങ്ങഠം പിളരുമ്പോഠം."
"മുന്നണിപ്പടയേനീയെങ്ങനെസഹായിച്ചു?"
വെന്നുചോദിക്കും ബോർഡുവീഥിയിൽനിരന്നിട്ടം
പെണ്ണിനെക്കൊണ്ടെന്താവുമെന്നുചോദിക്കുംപൂര–
യമ്മയ്ക്കു മകനെങ്കിൽ ഞാനൊരു മകളുമാം"
'ടിക്കുടിക്ക്'ടിച്ചുകൊണ്ടിങ്ങനെഘടികാരം
പുത്രിതൻസന്ദേശത്തെക്കലുങ്ങാതാവൎത്തിപ്പൂ.
ദേശാഭിമാനത്തിൻെറ പൊള്ളുന്നാപിണരുകഠം
പാറിച്ചു പോയി മകഠം—മാതാവേയടങ്ങുക.
ഭ്രുതജീവിതത്തിൻെറദീൎഘനിശ്വാസംപോന്ന്
മാരുതൻ വീശുന്നുണ്ടമ്മാന്ന്യയേയുണൎത്തുവാൻ.

III

മുമ്പോട്ടു മുമ്പോട്ടു നീറിപ്പടരുന്നു
ചെമ്പട കാട്ടുതീയെന്ന മട്ടിൽ
പൊങ്ങുന്നു പൊങ്ങുന്നു ദേശീയശക്തിതൻ
പൊന്നിൻ പതാകകളെങ്ങുമെങ്ങും

നാസിസപ്പീരങ്കിത്തീക്കളിയങ്ങളു
നേരിട്ടു നേരിട്ടു കേറിവന്നു.
ജീവിതരക്തപ്രവാഹങ്ങളാലതു
നീളെക്കെട്ടത്തിക്കെട്ടത്തിനിന്നു.
നാട്ടുംപുറവും നഗരവുമെന്നില്ല,
മാറൊറാലിക്കൊണ്ടു മരണനാദം.
മോസ്കോതുടങ്ങിയ ജില്ലകൾകൂടിയും
പോർക്കളമായിപ്പരിണമിച്ചു.
പീരങ്കിടാങ്കും പറക്കുന്ന കോട്ടയും
നാരകത്തീവെട്ടിക്കൊള്ളയിട്ടു.
മണ്ണിലും വിണ്ണിലും കാകോളകാളിമ–
വെള്ളിടിവെട്ടിയിരമ്പിനിന്നു.
വട്ടംകറങ്ങിക്കഴുകുകളെപ്പോലെ
പെട്ടന്നു താണുമുയന്നുമാഞ്ഞും
ആയിരമായിരമോരോ നിരയായി
നീളേ വിമാനങ്ങൾ മൂളിവന്നു.

'പെത്രീസെവോവ' ചെറുഗ്രാമംകൂടിയും
വിട്ടില്ലാ വിശപഭയങ്കരന്മാർ.
കഷകർ—ആക്രമപരാധം ചെയ്യാത്ത
കഷകർ—ജീവിക്കും ഗ്രാമദേശം.
ശുദ്ധിയും ശാന്തിയുമൈശപയ്യവും ചേന്നു
പച്ചപിടിച്ച വയൽപ്രദേശം.
കട്ടിക്കരിങ്കുററരസ്ഥലത്തും കട–
ന്നാക്രമത്താവളം വെയ്ക്കയായി.
നീളേനിരന്നു തടിച്ചുകൊഴുത്തുള്ള

നാസികൾതിരകൾ വാലുമാട്ടി.
ഗ്രാമമൊഴുക്കിയ ചോരച്ചുവ വന്നു
വായിൽപ്പതഞ്ഞിട്ടയവിറക്കി.
നില്ക്കുന്നു, നില്ക്കുന്നു നീണ്ട കഴുത്തുമായ്-
ത്തൽക്കാലം കെട്ടിയ ലായംതോറും.
പൈക്കൾക്കുവേണ്ടി കൃഷിക്കാർ കരുതിയ
വൈക്കോലവയ്ക്കാണുപകരിച്ചു.
കുട്ടിയാകട്ടേ, കുടുംബിനിയാകട്ടേ
വൃദ്ധരാകട്ടെ യുവാക്കളാട്ടെ
കിട്ടിയ കിട്ടിയ നാട്ടാരുടെ തല
വെട്ടിത്തെറിപ്പിച്ചു വട്ടുതട്ടി.
താരുണ്യസമ്പത്തു താറുമാറാക്കിയും
വീടുകൾ വീടുകൾ കൊള്ളയിട്ടും
മറ്റനക്കെക്കൾക്കു കീഴ്പ്പെടുത്തീടിനാർ
ശുദ്ധജനതയെ നിഷ്പ്രയാസം.
നാസികൾ പത്തും പതിനഞ്ചുമൊന്നിച്ചു
വീടുകൾ തോറും കയറിക്കൂടി.
കോണിലെങ്ങാനുമുടമസ്ഥന്മാർക്കൊന്നു
കാലുപിടിച്ചാൽ കഴിഞ്ഞുകൂടാം.
തങ്ങൾതങ്ങൾക്കുള്ള ധാന്യവും നേട്ടവും
ജർമ്മൻപടയ്ക്കവർ വെച്ചൊഴിഞ്ഞു.
സങ്കടം, സങ്കടം! ഗ്രാമീണരാകവേ
കണ്ണീരൊഴുക്കിയൊതുങ്ങിനിന്നു.

സ്വർണ്ണം വിളയുന്ന മന്മപ്രദേശങ്ങ-
ളെങ്ങനെയെങ്കിലും വീണ്ടെടുപ്പാൻ

മാതൃഭൂമിയ്ക്കായ് വെളിപ്പെട്ടു മക്കളെ-
ഗ്രാമത്തിലപ്പോൾ ഗറില്ലസംഘം.
ആ രക്തസാക്ഷിയാ,മാരക്തവർണ്ണമാം
സോവിയററിൻെറ സഹോദരത്വം.
വെട്ടിന്നു വെട്ടും വെടിയ്ക്കു വെടിയുമെ-
ന്നൊത്തുപരന്നൊരു ഭീകരത്വം.
പെട്ടന്നിടയ്ക്കു വെളിയ്ക്കാഞ്ഞു ലാക്കപോൽ
ദൃഷ്ടിയിൽ പൂഴിയെറിഞ്ഞുമാഞ്ഞും
ഒററയ്ക്കുമൊന്നിച്ചുമോരോരോമാതിരി
നിശ്ശബ്ദനിഷ്ഠുര കൈക്കൾചെയ്വോർ,
പോക്കും വരവും പിടികൊടുക്കാത്തവർ,
കാട്ടിലോ മേട്ടിലൊ പോയൊളിപ്പോർ,
പങ്ങിപ്പതുങ്ങിപ്പതിയിരുന്നീടുവോർ
ഒന്നിലും കൂസാതെ മുമ്പിടുന്നോർ.
ശത്രുസംഘങ്ങളിലൊററയ്ക്കു പെട്ടന്നു
പ്രത്യക്ഷപ്പെട്ടിടിമിന്നൽപോലെ.
കൈത്തോക്കൊഴിച്ചു പിന്നെങ്ങോമറകയാ-
ണത്ഭുതം ഘോരം ഗറില്ലയോധൻ.
അദ്ധരാത്രിയ്ക്കല്ല, നട്ടുച്ചനേരത്തു
മൊററയ്ക്കുനാസിയെക്കണ്ടു പോയാൽ
മാതൃഭൂവെച്ചുട്ടുപൊട്ടിച്ചു നില്ക്കുമ-
മ്മാനുഷവ്യാഘ്രത്തൊടേററുമുട്ടി.
മറെറാന്നുമല്ല, കഠോരകഠാരിയാ-
ലുത്തരംചൊല്ലി പിടിവരയ്ക്കും.
ജർമ്മൻ തൊടുക്കുന്ന വർത്തമാനക്കമ്പി-

യങ്ങിണ്ടു നീളെ മുറിച്ചുതള്ളും.
താവളത്തിന്നും കുതിരലായത്തിന്നും
തീവെയ്ക്കും—ആളിനെക്കാൺകയില്ല.
പെത്രീസവോവിന്നാട്ടുത്തു ഭയങ്കര-
മുച്ചയ്ക്കുപോലുമിരുണ്ടകാട്ടിൽ
റഷ്യാജനനി, നിൻ വീരസന്താനങ്ങ-
ളിത്തരമെത്രയുണ്ടാരു കണ്ടു?

IV

പകുതിരാവായിരിക്കണമെങ്കിലും
ചുളുചുളെക്കാററുചുററി യടിക്കയാം.
തണുതണുത്ത മഞ്ഞാകെപ്പരന്നുള്ള
വയലുകളും മരച്ചുകിടക്കയാം.
ബഹളമെല്ലാമടങ്ങി, കുടിലുകാ
മുറമുറയായുറക്കത്തിലാണ്ടുപോയ്.
അവിടവിടെയക്കൂടാരമോരോന്നിൽ
നെടിയ കൂക്കാവലിപ്പുകാ കോക്കയായ്.
തവണനില്ക്കുന്ന കാവൽഭടരെല്ലാ
മിളയുറക്കത്തിലാടി നിൽക്കുന്നപോൽ
തലകളപ്പപ്പൊാ മെല്ലെച്ചലിപ്പിച്ചു
കരിനിഴൽ വീശി നിന്നു മരങ്ങളും.
നെടിയലായത്തിൽ വൈക്കോലുതിന്നുതി-
ന്നിരുന്നൂറിൽപ്പരം നാസിക്കുതിരകാ
നിരനിരയായി നിന്നിരുന്നങ്ങനെ
സകലമേകാന്തശാന്തനിശ്ശബ്ദിതം.

വരുവതാരതാ മഞ്ഞും നിലാവിലാ-

യകലെനിന്നു പതുങ്ങിപ്പതുങ്ങിയും,
കരുതിയെന്തോതയാററായപോലെയ-
ക്കതിരലായത്തിലേയ്ക്കുകടക്കയോ?
തലയിൽത്തൊപ്പിയും രോമജാക്കററുമ-
ച്ചെറിയ കചിൽററുമബ്ബൽററുമട്രൗസറും
കിറുകറുക്കാത്ത ബൂട്സും—കരൊത്തയാഠം
ഒരുവശം തൂങ്ങി പട്ടാളസഞ്ചിയും.
ചെറിയ കൈത്തോക്കു കീശയിലിട്ടതാ
വെളിയിലേയ്ക്കൊരു കുപ്പിയെടുക്കയായ്.
അവിടെയെന്തോ കുനിഞ്ഞു തളിച്ചു പി-
ന്നുടനെ തീപ്പെട്ടി കോറിയുരയ്ക്കയായ്.

ഝടുതി പിന്നിൽനിന്നുഗ്രനൊരുഭട-
നടവിലക്കൈകളാഞ്ഞു പിടിച്ചുപോയ്
"ഒരു ഗറില്ല ഗറില്ല" വിളിച്ചവൻ
വളരെനീട്ടിയലാറം ഭയങ്കരം.

കുടിലുകളുടാരമെല്ലാററിൽനിന്നുമേ-
യലറിയാക്കയായ് മുഷ്കരകിങ്കരർ.
കൊലവിളിയിട്ടു കുന്തവും തോക്കുമായ്-
ച്ചുഴലമെത്തിനാർ, പന്തം കൊളുത്തിനാർ.
തെളിവിലാളുകഠം കണ്ടു ഗറില്ലയെ,
അരിമയാമൊരു പെൺകുട്ടിയാണവഠം.
ഉയരമുള്ള ശരീരമാണങ്കിലും
യുവതിയല്ല, ചെറുപ്പം ചെറുപ്പമാം.
മൃദുലകോമളം മേനി, കറുത്തുള്ള
വളർപുരികം, തിളങ്ങുന്ന കണ്ണുകഠം

കറുകറുത്തു ചുരുണ്ട തലമുടി
പതറിനില്ക്കുന്നു ക്ലിപ്പു വെച്ചെങ്കിലും.
ഒരുകുലുക്കവും കാട്ടിയില്ലാ നില,-
യടിമുടിയവളത്ഭുതരൂപിണി.
പരമസാഹസം ജന്മഭൂപാലന-
വ്രതമെടുത്ത നീയാരുതാനാരുതാൻ?
അവർ വിളിച്ചുപറയുന്നു; ശ്രീമതി
യുവഗറില്ല, ഗറില്ല,യെന്നിങ്ങനെ.
കിടുകിടുന്നനെപ്പെത്രീസവോവിനെ-
ക്കെലുകെലുപ്പിച്ചു നാസികോലാഹലം.
നരമൃഗങ്ങളാ വസ്ത്രമശേഷവും
പലരു കൂടി വലിച്ചഴിയ്ക്കുന്നതാ.
അരുതു ചെയ്യരുതയ്യോ മനുഷ്യരേ,
യുവതിയല്ലയോ? സാഹസം സാഹസം!
ചുഴലമയ്യയ്യ നഗ്നദേഹത്തില-
ക്കഠിനമുഷ്ടികൾ മേല്ക്കുമേലേല്ക്കയായ്.
അവനവൻെറ നാടാ, സ്നേഹമൊന്നിനാ-
ലവളതെല്ലാം സഹിച്ചു കൃതാൎത്ഥയായ്.
മകളുമമ്മയും പെങ്ങളും ഭാൎയ്യയും
പലരുമില്ലയോ നിങ്ങൾക്കുമോക്കുവിൻ!
അതു മറപ്പിച്ച സാമ്രാജ്യദാഹമേ
പരമസങ്കടം പാടില്ല കാണുവാൻ.
നിമിഷമങ്ങനെ—തീപ്പൊരിചിന്നുന്ന
നിമിഷ—മൊട്ടു കഴിഞ്ഞതാ നോക്കണം.
അവളെ—അദ്ദേശഭക്തയെ—ക്കഷ്ടമേ

പുറകിലാക്കെ ഞെരിച്ചു കെട്ടീടിനാർ.
ചെറിയ ലെങ്കോട്ടി മാത്രമായ് ശേഷിയ്ക്കു-
മവളെയങ്ങനെതന്നെയിറക്കിനാർ.
ത്സടുതി പട്ടാളനായകൻമുമ്പിലേ-
യ്ക്കുണിപിടച്ചു നടത്തിത്തുടങ്ങിനാർ.
നിരവലംബമഗ്രാമത്തിലാളുകൾ-
ഭയചകിതമുണന്നുവന്നിട്ടപോർ.
അവർ പരുങ്ങിപ്പതുങ്ങിവിറക്കൊണ്ടു
പലരുമൊപ്പമേ കണ്ണീരൊഴുക്കിനാർ.
പതറിടാതവളാനയിക്കപ്പെട്ടു
ഭവനമൊന്നിൽ 'വെറോണി'ൻെറമുമ്പിലായ്.
അവൾ സമക്ഷം വരുന്നതിന്മുമ്പുതാൻ
വിധി വിളമ്പരംചെയ്തിരിപ്പോനവൻ.
യുവഗറില്ലയെയപ്രഭാതത്തിലേ
കൊലമരത്തിൽ കയററുംവിളംബരം.
അവളണഞ്ഞു വെറോണിന്മുറിയിലേ-
യ്ക്കിരുഭടന്മാരിടത്തും വലത്തുമായ്.
കനൽ ചിതറുമക്കണ്ണു വെട്ടിച്ചവ-
നവിടിരിയ്ക്കുവാൻ കട്ടിലിൽ ചൂണ്ടിനാൻ.
ടെലഫോണും പല കത്തുകൾ റേഡിയോ
പലതുമുണ്ടൊരു കൈത്തോക്കു കയ്യിലും.
അകമെയന്യർ കടക്കാതെ നോക്കുവാൻ
നെടിയ വാതുക്കൽ നിന്നു പട്ടാളവും.
മുറമുറയ്ക്കവൻ ചോദ്യം തുടങ്ങിനാൻ
അവളെയാരെന്നറിയണം മുഖ്യമായ്.

അതു പറഞ്ഞില്ല, 'ലായം തുടച്ച്യയായ്
ശരി, അവൾതന്നെ തീവെച്ച്'ചൊല്ലിനാൾ.
"ഇവിടെ നിങ്ങളെക്കൂട്ടംമൂടിയ്ക്കണം
അതിനു വന്നു ഞാൻ" പെൺകിടാവോതിനാൾ
മരണവായിലും മററൊന്നുമല്ല നീ
പറവതെന്തൊരു മാതൃഭൂമിവ്രതം!
ചുഴലവും നില്പതാരെന്നു കണ്ടുതാൻ
പറവതോ നീയെടുത്തവാക്കീവിധം?
കൊലനിലത്തിലും കൂസാതെ പൊങ്ങുമ-
മ്മഹിതസാമ്രാജ്യഭക്തി! തൊഴാം തൊഴാം.
അടിയുറച്ചവൾ നോക്കിയിരിക്കയാം
ജനലിലൂടേ,യിഴഞ്ഞുപോം രാത്രിയെ
തടയുവാനുള്ള കൈയുയൎന്നിട്ടില്ല.
ചുടുനിണപ്പാച്ചിലല്ലയോ ചുററിലും?
മരണമൂകത പിന്നെയും ഭഞ്ജിച്ചു
ഫണമുയൎത്തിയടുത്തു ഭയങ്കരൻ.
ഒരു നെടുഞ്ചാട്ട മൂളിമൂളിച്ചെന്നു
തുടരെയാ മേനി പൊള്ളിപ്പു ദൈവമേ.
ഒരു ഞരക്കമി,ല്ലാൎത്തപ്രലാപമി-
ല്ലഖിലവും നീ സഹിപ്പൂ! സഹോദരി.
യുവഗറില്ലയിൽനിന്നൊരു ശബ്ദമി-
ല്ല,ടി നടന്നു 'ചടപടാ' പിന്നെയും.
ഇടിവാളങ്ങനെ കണ്ണിൽപ്പറക്കമ-
ന്നിമിഷമോക്ഷവേ പോലും ഞടുങ്ങണം
"അതു പറയില്ല, പേരുമെൻസംഘവും

പോകയില്ല ഞാൻ" കേൾക്കാമിടയ്ക്കിടെ.
പടിപടിയ്ക്കാ സ്വരവും തളൎന്നുപോയ്
നരകയാതന നിൎത്തിയിട്ടില്ലയോ?
അവർ നടത്തിനാരങ്ങോട്ടുമിങ്ങോട്ടു-
മവളെ മഞ്ഞിൻ പുറങ്ങളിൽ രാത്രിയിൽ.
തുടരെ, ഏതൊരു വീട്ടിലേയ്ക്കെന്തിനോ-
യുവഗറില്ലയെക്കൊണ്ടുപോയാരവർ.
അവിടെയും പാദരക്ഷയോ വസ്ത്രമോ
ചെറുതുമില്ലാതെ ചൊല്ലിയാട്ടുംപടി
ചതവു പൊങ്ങിയച്ചോരുവാം നെററിമേൽ,
ചുടുവിയപ്പിൽ കുളിച്ചു മുഖാംബുജം.
മുടിപറന്നു പരന്നുവികൃതമായ്—
കരമതിപ്പൊഴും പിൻചേൎത്തുകെട്ടിയും.
ചൊടികളയ്യോ കടിച്ചമൎത്തങ്ങനെ
തുടുതുടെ വീങ്ങിച്ചോരയൊലിക്കയാം.
കഠിനമൎദ്ദനക്കെയടയാളങ്ങൾ
കരിനീലച്ചുകിടപ്പുണ്ടടിമുടി.
മുറിയിലിട്ടൊരു ബഞ്ചിലിരിക്കയാം
തടവുകാരി ഹാ നിശ്ചലം! നിശ്ശബ്ദം!
ഇടയിലച്ചുണ്ടനക്കുന്നു വെള്ളത്തി-
നവിടെയാരുണ്ടു വെള്ളം കൊടുക്കുവാൻ?
ജനനിതാതനും സോദരന്മാരുമാ-
യവൾ സുഖത്തിൽക്കഴിഞ്ഞവളായ്‌വരാം.
പരമസൌഹാൎദ്ദബന്ധംപുലൎത്തുമ-
മ്മഹിതസാമ്രാജ്യബാലികയായ്‌വരാം.

സുഖവിലാസങ്ങാം നാട്ടിൻെറദ്ദട്ട്ശ-
യ്ക്കൂടിയറവെച്ചു നീറിപ്പുകയുവാൻ.
അവാം ഗറില്ലയായ്മുന്നണിക്കാവുന്ന
കഴിവു ചെയ്യുവാൻ പോന്നവാംതന്നെയാം.

ഒരുവനല്പം ദയ തോന്നി,മററൊരു
കെട്ടമൃഗം ഹാ കടന്നു തടകയായ്.
നരജഡങ്ങളേ! നാളെ മരിക്കേണ്ട
മഹതിയാണവാം വെള്ളം കൊടുക്കണേ!
തനതു നാട്ടിന്നു നിങ്ങളുണ്ടാക്കിയ
കെട്ടതി കണ്ടു കടന്നുവന്നോളിവാം.
വിലയെഴും രാജ്യഭക്തി തിളങ്ങുമാ
ഹൃദയശേഷിയെക്കണ്ടു കൈകൂപ്പുവിൻ!

ഹൃദയമില്ലാത്ത മർത്ത്യയന്ത്രങ്ങളി-
ലൊരുവനയ്യോ വിളക്കെടുത്തിട്ടതാ
മുറിവു പാറിയ ചുണ്ടിൽത്തൊട്ടവിച്ചു
പറകയാണതേ, മണ്ണെണ്ണമോന്തുവാൻ.
കരുണ തോന്നിക്കററ വെള്ളമാരോരാ-
ളിടയിലേകി കുടിച്ചവളാർത്തിയിൽ.
തുടരെ വീണ്ടും പുതിയ പട്ടാളത്തി-
നൊരു കളിപ്പാട്ടമായവാം മാറിനാം.
ചിലർ ചിരിച്ചതാ തീപ്പെട്ടി കത്തിച്ചു
ചെവിയരികെപ്പിടിച്ചു പൊള്ളിക്കയായ്.
മുതുക നന്നെക്കുനിച്ചു നിർത്തിപ്പിടി-
ച്ചൊരുവനീച്ചവാളയ്യോ വലിക്കയായ്.

നിലവിളിച്ചില്ല, കണ്ണുനീരല്പവും
കടമിഴിയിൽ പൊടിഞ്ഞുകണ്ടില്ലതാൻ!
മകളുതന്നെ നീ റഷ്യ്യയ്ക്കുമാതൃകാ-
മകളുതന്നെ നീ വെള്ളിടിമിന്നലേ!
പ്രകൃതി പാടേയിരുണ്ടുകിടക്കുന്ന
നരകരാത്രി നീ നീങ്ങുമാറായിതാ.
മരണമാറെറാലി കേഠാക്കായി ചുററിലും,
ഞെട്ടുഞെടെക്കോഴി കാളംവിളിച്ചുപോയ്.
അവളെയെങ്ങോ മറച്ചുപൊട്ടുന്നനെ
നിരനിരക്കയായ് പട്ടാളമാകവെ,
തുടരെ വിഴ്ച്ചയായ്ത്തുമഞ്ഞുതുള്ളികഠം—
തരുലതാദികഠം പോലും കരകയാം.

V

പുലരിയ്ക്കാപ്പാട്ടുകഠം വീണുകണ്ടു,
യുവതിഗറില്ലതൻ മേനിപോലെ.
ദയനീയമയ്യോ വെറുങ്ങലിച്ചു
പതറിയണയുന്ന ക്കൊച്ചുതെന്നൽ.
തുട്ടുതുടെച്ചിന്നിയ രക്തകാന്തി
കരുവാളിപ്പിൻെറ കലക്കമേന്തി.
ഉദയസമരത്തിരക്കു പൊങ്ങി
നിറമാകെ നീങ്ങി നൊടിയിടയിൽ.
പറവകളെന്തോ ധരിച്ചപോലെ
കരുണംകരഞ്ഞു പറന്നകന്നു.
'ഇളനീലവർണ്ണവും ചേർന്നു മെല്ലെ
കിളരുന്നു, കാണുകട്ടിവ്യഗോളം:

അരുണമനോഹരബാലബിംബം
ഉദയപ്രഭ വിട്ടയരുമിപ്പോൾ.
വിലയെഴുംവിണ്ണാണതിൻെറലോകം
കിരണം ചൊരിയട്ടി മണ്ണിലെന്നും
കരമായിരം ചിന്തുമാമഹസ്സ്-
ക്കരമായിരമുണ്ട കൈതൊഴാനും.

വെളിവായി ഗ്രാമത്തിനൊത്തമദ്ധ്യേ
കൊലമരംനാട്ടി, വെളുത്തനേരം.
അണിയണിയായിട്ടു വന്നു കാലാൾ
അകലത്തിൽ ചുറെറത്തിനില്ലുയായി.
ജനതയെ നിബ്ബന്ധപൂവ്വകംതാൻ
അവിടെപ്പലവഴിയ്ക്കാനയിപ്പൂ.
വെടിമുഴക്കം കൊണ്ടഗ്രാമമയ്യോ
കിടുകിടെയെങ്ങും കുലുങ്ങിനിന്നു.
കൊലമരച്ചോട്ടിലിരുപതോളം
കുതിരപ്പട്ടാളക്കാർ നിന്നിരുന്നു.
ഉറയ്യൂരിവാളുകളങ്ങിങ്ങോളം
ഇടിവാളുപോലെതിളങ്ങിനിന്നു.

ഭടജനമാപ്പിട്ടകലെനിന്നും
ഒരു ഘോഷയാത്ര വരുന്നു കാൺക.
ഹരി ഹരി! നോക്കണ്ട നിങ്ങളാരും
അവളാണവളാണു മുൻനടപ്പൂ.
ഉടുതുണി ലങ്കോട്ടിയായിരുന്നു,
കരവല്ലി ചേത്തു വരിഞ്ഞിരുന്നു.
പുലരിക്കുമുമ്പെങ്ങോ മഞ്ഞിഴിഞ്ഞ

കുഴിയിൽക്കിടത്തിയിരുണ്ട മേനി;
ഒരു കുപ്പി, 'തിവെപ്പോ'ളെന്നെഴുതി-
പ്പലകയും തൂക്കിക്കഴുത്തിലാട്ടി;
അതിലുമെന്തപ്പൊഴുമക്കുമാരി-
ക്കഭിമാനതേജസ്സുതന്നെ കണ്ടു.
അവശമാണെങ്കിലുമമ്മുഖം ഹാ!
കുനിയാത്തൊരോജസ്സുപൂണ്ടിരുന്നു.
മുറമുറയായിട്ടാക്കാൽപ്പതിപ്പിൽ
ഒരു മഹാസംതൃപ്തിതന്നെ കണ്ടു.
അടിപെടാത്തൊരാ വിജയഭാവം
പുരികക്കൊടിയിൽ വളഞ്ഞുകണ്ടു.
അവളുടെ നാട്ടിൻെറ പൂഴിമണ്ണി-
ലഭിമാനപൂർവ്വം ചവിട്ടി വന്നു.
കാടികാം മദ്ധ്യത്തിൽപ്പെട്ടുപോയ
ചെറുസിംഹബാലികതന്നെയോ നീ?

അവളെ നിവർന്നൊന്നു നോക്കുവാനും
കഴിയാതെ നാട്ടാർ തല കുനിച്ചു.
നെട്ടുകെയാഗ്രാമീണർ നെഞ്ഞു പൊട്ടി
ചുടുചോരക്കണ്ണീരൊഴുക്കിനിന്നു.
കഠിന,മന്നാസിത്തലവനെപ്പോൽ
കടുകട്ടിയായിട്ടിരുണ്ടു പൊങ്ങി,
അവളുടെയാത്മാത്ഥബന്ധുവെപ്പോൽ
കഴുമരം, നിശ്ചലം നിന്നിരുന്നു.
ഒരു കയർ തൂങ്ങിച്ചുവട്ടിൽ വന്നി-
ട്ടിരുതട്ടു കാണുന്നു മീതെ മീതെ.

സമയമായ് കൂട്ടമണിയടിയ്ക്കെ
അബല ഗറില്ലയെയേററി തട്ടിൽ.
മിഴിയിലെല്ലാക്കമിരുട്ടു കേറി
ചെകിടടച്ചൊന്നു കറങ്ങി ലോകം.
"പറയുമോ പേരു നീ?"—മുഖ്യചോദ്യം
അവിടന്നിലയിലുമാവർത്തിച്ചു.
മറുപടിയപ്പൊഴും ധീരമൗനം
"ശരി, നിൻെറ സ്റ്റാലിനെവിടെയിപ്പോഠം?"
ഇടിമിന്നൽപോലുടൻ മുളിവന്നു
മറുപടി—"സ്റ്റാലിനാസ്ഥാനത്തുണ്ടാം!"
നിറമുടൻ മാറിക്കഴിഞ്ഞു പാടേ,-
യൊരു നീണ്ട കാഹളം കേഠക്കയായി.

പടമെടുക്കുന്നവൻ മുമ്പിൽ വന്നു
സരസമാക്യാമറ സജ്ജമാക്കി.
അതു ശരി, നിങ്ങഠം പടമെടുക്കിൻ!
അവളുടെയമ്മുഖ മോമ്മവെപ്പിൻ!
തളരും ഭടന്മാക്കശിരുനല്ലാൻ,
മഹനീയസേവനമാററു കാണാൻ!

കൊലയാളിക്കച്ചത്തിലാജ്ഞയായി;
അവസാനരംഗമവഠംക്കമായി.
ഒരു നല്ല ജീവിതം നിഷ്ഠുരണം,
കയറിൽക്കുടുക്കും കഠോരരംഗം!
ഇരുട്ടിലെയ്ക്കുയ്യ കാമ്യമാക-
മൊരു ജീവൻ മാഴ്കും കരാളരംഗം!

ഭയസംഭ്രമാധികളൊത്തുകൂടി
യിടിവെട്ടിത്തീരുന്ന ഘോരരംഗം!
അതു കണ്ടുനില്ക്കുവാൻ വയ്യവയ്യേ!
മനുജനിൽ സാമ്രാജ്യമെന്തിനാവോ?
അവകാശമെത്ര പറഞ്ഞു നിങ്ങൾ,
ഭുവനത്തിനാരെല്ലാം പണ്ടു പണ്ടേ
അവരൊക്കെയന്നന്നു മാഞ്ഞു വീണ്ടും
അവശേഷിക്കുന്നു താൻ ഭൂതധാത്രി.
നില വിട്ടു രാഷ്ട്രങ്ങൾ സ്വാതന്ത്ര്യമൊന്നാൽ
കലഹിച്ചു നില്ക്കുന്നു ദുർമ്മദാന്ധം.
വിലയെഴുമെത്രയോ ജീവിതങ്ങൾ
തകരുന്നുകഷ്ടമിയേററുമുട്ടിൽ.

കൊലമരത്തട്ടിലുമത്ഭുതംതാൻ
നിമിഷമൊരല്പമവൾക്കു വേണം.
പരവശയല്ലവളന്നിലയ്ക്കും
വെളിവാക്കി സന്ദേശം വ്യക്തവർണ്ണം.
അതു സംഭ്രമത്തിൻെറ പൊങ്ങലല്ല,
മതികെട്ടയരുമമ്മങ്ങലല്ല,
ചുടുകണ്ണുനീരിൻെറ വിങ്ങലല്ല,
കഴിവുകേടിൻെറയതേങ്ങലല്ല,
ദയനീയതയിൽ നിന്നല്ലതിൻെറ
വരവൊന്നു നോക്കുകകണ്ണിലേയ്ക്കായ്!
അതു നൂനമാത്മാഭിമാനമാളും
നിശിതാഗ്നിബാണങ്ങളായിരുന്നു!
അതുനൂനമാദർശജീവിതത്തിൻ

ചരമാക്കരശ്മികളായിരുന്നു!

"ഒരുമിച്ചുകൂട്ടുവിൻ! നാട്ടുകാരേ!
ഒരുവരും കീഴ്പ്പോട്ടു നോക്കിടായ്വിൻ!
ശരിവരെ ധീരമായ് നിന്നെതിർപ്പിൻ!
ചുട്ടുചുടെ നാസിയെച്ചുട്ടെരിപ്പിൻ!"
അതു വന്നലച്ചിട്ടു ചുററുപാടും
ചെവികളും കൺകളും വെമ്പിനിന്നു.
ഒരു കരം പൊങ്ങി, യാ വായടപ്പാൻ,
അവളതു തട്ടിപ്പറഞ്ഞു വീണ്ടും:
"ഭയമില്ലെനിക്കിക്കുടുക്കിൽ വീഴാൻ
ചരിതാൎത്ഥയാണു ഞാൻ, നാട്ടിനല്ലേ?"

പടമെടുക്കുന്നു നരമൃഗങ്ങൾ
പലവശം ക്യാമറ മാററി മാററി
ഇടയിലുച്ചത്തിലൊരാജ്ഞ പൊങ്ങി,
"ഉടനുടനാകട്ടെ, വേഗമാട്ടെ!"

അവളുടൻ വെട്ടിത്തിരിഞ്ഞുനിന്നു—
കൊലമരംകൂടെ വിറച്ചിരിക്കും!
"ഒരു പെണ്ണിനെ നിങ്ങൾ കൊല്ലുമെന്നാൽ,
ഇരുപതുകോടിയുണ്ടിന്നു ഞങ്ങൾ,
മുഴുവനും നിങ്ങളുടക്കുമെന്നോ?
പകരത്തിനായവർ വന്നുകൊള്ളും."

ജനതയിൽനിന്നുമാ വാക്കു കേൾക്കേ,
നിലവിളി പൊട്ടിത്തകർന്നുയൎന്നു.
"വരുമുടൻസ്റ്റാലിൻ ഭയപ്പെടായ്വിൻ!

വരുമുടൻ സ്റ്റാ—ശബ്ദം ഞെങ്ങി നിന്നു.
കരു ഞെരക്കം, ഹാ പിടച്ചിൽ, അയ്യോ
പിരിയുവിൻ! പായുവിൻ! നാട്ടുകാരേ!

VI

പാരം മറച്ചവളെങ്ങും വെളിപ്പെട്ടു
കല്ലറയ്ക്കുള്ളിലുറങ്ങുന്ന ദൈവമേ!

ആ ദേശഭക്തയെ നാട്ടിനുനല്കിയ
മാതാവു കേഴുന്നു റേഡിയോ കേൾക്കുവിൻ.
"സോയ! ഹാ! കല്ലറ പൂകി നീയെങ്കിലും
ഞാനിന്നു വീരമാതാവായി കണ്മണി!
എങ്കിലും നീയന്നടുക്കിവെച്ചുള്ളോര-
പ്പൊൻചട്ടയിട്ടനിൻപുസ്തകമാകവേ
നിന്നലമാരിയിൽ നീ മടങ്ങുംവഴി
കണ്ണാടിയിൽക്കൂടി നോക്കിയിരിക്കയാം.

* * * *

ഞങ്ങൾ സഖികളെപ്പോലെപെരുമാറി
ഞങ്ങളന്യോന്യം മതിച്ചു ജീവിച്ചവർ
എന്നോമനയെ മൃഗീയമായാഹന്ത—
ചൊല്ലുവാൻ വയ്യ തളന്നു തളന്നു ഞാൻ!

* * * *

'സോയ' എനിയ്ക്കവൾ, നിങ്ങൾക്കു ടാനിയാ
വീരസഖാക്കളേ, വീണ്ടും വരാവതോ?
എന്മകളക്കരിനിലച്ചിറകിയ

പൊന്നിന്മുഖം ചാച്ചു നോക്കുന്നു നിങ്ങളെ.
ഒന്നിച്ചു കേഠപ്പിനക്കണ്ണെംഞെരുങ്ങവേ
എങ്ങിനെയെങ്കിലും പൊങ്ങിയ വാക്കുകഠ.
'കൊല്ലുവിൻ! കൊല്ലുവിൻ!! നാസിമൃഗങ്ങളെ-
ക്കൊല്ലുവിൻ! കൂട്ടമേ തീവെച്ചൊട്ടുക്കുവിൻ!!'

*        *        *        *

കണ്ണീരൊഴുക്കരുതമ്മയെന്നുള്ളനി-
ന്നന്ത്യാഭിലാഷത്തെയാദരിക്കുന്നു ഞാൻ.
നീ പെരുമാറിയ നല്ല ചെറുമുറി
നീ പരിപാടികുറിച്ച ഡയറിയും.
വീരമാതാവു ഞാൻതന്നെ തുറക്കട്ടെ,
സോവിയററിൻെറ മകളേ, യുറങ്ങു നീ!!"

—o—

# പുതിയ പുസ്തകങ്ങൾ

| | | ക. | ണ |
|---|---|---|---|
| 1. | ശ്രീമദ്ഭഗവദ്ഗീത (പണ്ഡിതരാജൻ പി. എസ്സ്. അനന്തനാരായണശാസ്ത്രിയുടെ 'അനുസന്ധാനം' എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടി) | 10 | 0 |
| 2. | ഏകലോകം (വെൻഡൽ വിൽക്കിയുടെ one World' എന്ന പുസ്തകത്തിന്റെ മലയാളതർജ്ജമ) | 3 | 0 |
| 3. | ഗാന്ധിയുടെ കൂടെ (ലൂയി ഫിഷർ) | 2 | 8 |
| 4. | സോവിയററുനാട്ട് (ചേലാട്ട് അച്യുതമേനോൻ) | 4 | 0 |
| 5. | അനർഘനിമിഷം (വൈക്കം മുഹമ്മദ് ബഷീർ) | 1 | 4 |
| 6. | ജന്മദിനം ,, | 1 | 8 |
| 7. | ബാല്യകാലസഖി ,, | 1 | 4 |
| 8. | കഥാബീജം ,, | 1 | 4 |
| 9. | ചങ്ങാതികൾ (തകഴി) | 2 | 0 |
| 10. | അന്നത്തെ നാടകം (കേശവദേവ്) | 2 | 0 |
| 11. | മണിമാളിക (എസ്. കെ. പൊറെറക്കാട്ട്) | 1 | 8 |
| 12. | പൊന്നുംകുടം (കെ. സരസ്വതി അമ്മ) | 1 | 4 |
| 13. | സമ്മാനം (ജെ. മുണ്ടശ്ശേരി) | 1 | 4 |
| 14. | കടാക്ഷം ,, | 1 | 0 |
| 15. | അന്തരീക്ഷം ,, | 1 | 4 |
| 16. | കാവ്യപീഠിക ,, | 1 | 8 |
| 17. | മാറെറാലി ,, | 1 | 0 |
| 18. | നിഴലുകൾ (രാമകൃഷ്ണപിള്ള) | 1 | 4 |
| 19. | നിഴലാട്ടം (കുട്ടികൃഷ്ണമാരാർ) | 1 | 4 |
| 20. | വിചാരവിപ്ലവം (കുററിപ്പുഴ) | 1 | 8 |
| 21. | കടത്തുവഞ്ചി (കെടാമംഗലം) | 1 | 8 |

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.

# സോവിയററിന്റെ മകൾ

571

പൊൻകുന്നം ദാമോദരൻ

G
894.8121
PON

Indic Digital Archive Foundation
gpura.org